(എഫ്) സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

പാപ്പിനിശ്ശേരി–ഇരിണാവ് കയർ വ്യവസായ കോ.ഓപ്പറേറ്റീവ് സൊസൈറ്റി

99 [301] ശ്രീ. എം.വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ.യുടെ പരിധിയിൽനിന്നും തങ്ങളെ താല്ക്കാലികമായി ഒഴിവാക്കിത്തരണമെന്നാവശ്യപ്പെട്ടുകൊണ്ട് കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി–ഇരിണാവ് കയർ വ്യവസായ കോ. ഓപ്പറേറ്റീവ് സൊസൈറ്റി അധികൃതർ 1985 ജൂലൈ മാസം അവസാനം തൊഴിൽ വകുപ്പിൽ നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിന് കാലവിളംബം കൂടാതെ അനുകൂല നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ കാര്യം ഗവൺമെന്റ് പരിശോധിച്ചുവരുന്നു.

കണ്ണപുരം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

100 [302] ശ്രീ. എം.വി. രാഘവൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

തങ്ങളെ ഇ.എസ്.ഐ. യുടെ പരിധിയിൽനിന്നും താത്ക്കാലികമായി ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കണ്ണൂർ ജില്ലയിലെ കണ്ണപുരം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കുവേണ്ടി പ്രസിഡണ്ട് 30–7–1985 ന് തൊഴിൽ വകുപ്പിന് നൽകിയ അപേക്ഷയിൻമേൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

29–7–1985 ന് കണ്ണപുരം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രസിഡണ്ട് നൽകിയ അപേക്ഷ തൊഴിൽ വകുപ്പിൽ കിട്ടിയിട്ടുണ്ട്. അടുത്തു കൂടുന്ന ഇ.എസ്.ഐ. യുടെ റീജിയണൽ ബോർഡു മീറ്റിംഗിൽ പരിഗണിക്കുവാൻ തൃശൂർ റീജിയണൽ ഡയറക്ടർക്ക് വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ്

101 [303] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് നടത്തുന്നതിനുവേണ്ടിയുള്ള പ്രവർത്തനം എത്രത്തോളമായി?

LIBRARY ARCHIVES Kerala Legislative Assembly